16
ജനവരി 2023
തിങ്കൾ
1198 മകരം 2

# ചെരാതം

_ ഇത് പുതിയങ്കത്തിന്റെ ശബ്ദം

ആലത്തൂർ
2 പേജ്



KITE VICTERS സംഘടിപ്പിക്കുന്ന ഹരിത വിദ്യാലയം റിയാലിറ്റി ഷോ സീസൺ 3 – ഇൽ നൂറിൽ 94 മാർക്കോടെ പുതിയങ്കം സ്കൂൾ മുന്നോട്ട്

## വമ്പിച്ച സ്വീകരണം

**ആലത്തൂർ** : ഹരിത വിദ്യാലയം ഷോയിൽ സ്കൂളിന്റെ അഭിമാനമായി മാറിയ കുട്ടികൾക്ക് സ്കൂൾ വമ്പിച്ച സ്വീകരണം നൽകി.സ്കൂൾ ലൈബ്രറി ഹാളിൽ വച്ച് നടന്ന പ്രത്യേക പരിപാടിയിൽ ഹെഡ് മാസ്റ്റർ മനോജ് മാഷ് ,മുൻ ഹെഡ്മാസ്റ്റർ മോഹനൻ മാഷ് ,ബി പി ഒ ജോൺസൻ



മാഷ് ,പി ടി എ പ്രസിഡണ്ട് രമേശ് സുരേഷ് മാഷ് എന്നിവർ കുട്ടികളെ അനുമോദിച്ചു.അദ്ധ്യാപകരായ സിനി ടീച്ചർ ,മായ ടീച്ചർ ,സ്മിത ടീച്ചർ ,ഉമ ടീച്ചർ ,ഗീത ടീച്ചർ ചിത്രപ്രസാദ് മാഷ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു .

## പ്രതിമാസ പ്രസംഗ വേദി




ആലത്തൂർ : ക്രിസ്തുമസ് അവധി കാലത്തിന്റെ ഓർമ്മകൾ പങ്കുവച്ചു കുട്ടിക്കൂട്ടം സോഷ്യൽ സയൻസ് ക്ലബ് സംഘടിപ്പിക്കുന്ന പ്രസംഗ മത്സരത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും പങ്കെടുത്ത മെഗാ പ്രസംഗ മത്സരങ്ങൾ നടന്നു കൊണ്ടിരിക്കുന്നു

## സ്കൂളിന് സ്വന്തമായി ഒരു ഫ്രിഡ്ജ്

ആലത്തൂർ : സ്കൂളിലെ ആവശ്യങ്ങൾക്കായി ഒരു ഫ്രിഡ്ജ് എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു. ഏഴ് യു കെ ജി ക്ലാസ്സുകളിലെ വിദ്യാർഥികളായ മരിയ ജോസഫ് എന്നിവരുടെ മാതാപിതാക്കളാണ് ഫ്രിഡ്ജ് സ്പോൺസർ ചെയ്തിരിക്കുന്നത്.



## ഭൂഗോളത്തിന്റെ സ്പന്ദനം ഗണിതത്തിലും

ആലത്തൂർ : ഭൂഗോളത്തിന്റെ സ്പന്ദനം ഗണിതത്തിലാണ് എന്ന് ഒരിക്കൽ കൂടി പ്രഖ്യാപിച്ചുകൊണ്ട് പുതിയങ്കം സ്കൂൾ ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകളിൽ ഗണിത മാഗസിൻ പ്രകാശനത്തിനൊരുങ്ങുന്നു .

## ഭരണഘടനാ അവബോധന യജ്ഞം




ആലത്തൂർ : സ്കൂൾ ഭരണഘടന പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി ജനുവരി 13 മുതൽ വിവിധ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു . ആദ്യമായി തന്നെ അധ്യാപകർ ക്ലാസ്സുകളിൽ ഭരണഘടന പരിചയപ്പെടുത്തുന്നു .കൂടാതെ ക്ലാസ്സുകളുടെ whatsapp ഗ്രൂപ്പുകളിലും ദിവസം ഓരോ പേജ് വിധം ഷെയർ ചെയ്യുന്നു

## ദേശീയ വിര രഹിത ദിനം .

ജനുവരി 17

നമ്മുടെ വിദ്യാലയത്തിൽ ഉച്ചഭക്ഷണത്തിനു ശേഷം കുട്ടികൾക്ക് ഓരോ ഗുളിക നൽകുന്നു

## ഗണിതത്തിനു മടിയോ?????

തുടർച്ചയായി എല്ലാ തിങ്കളാഴ്ചയും വരാറുള്ള ഗണിത ക്വിസ് മുടങ്ങുന്നതായി പരാതി

-സ്വന്തം ലേഖകൻ

## ആവശ്യമുണ്ട്

പുതുതായി സർക്കുലേഷൻ ആരംഭിച്ച

***ചെത്തം*** ആഴ്ച്ച പത്രത്തിലേക്കു

ലേഖകരെ തേടുന്നു. മലയാളം നന്നായി എഴുതാനും വായിക്കാനും അറിയുന്ന മൂന്ന് മുതൽ ഏഴ് വരെ ക്ലാസ്സുകാരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു . അപേക്ഷകൾ അതാത് ക്ലാസ് ടീച്ചറുടെ കൈവശം ഏൽപ്പിക്കേണ്ട

അവസാന തിയ്യതി : ജനുവരി 17

